ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ സംബന്ധിച്ചുള്ള വിവരങ്ങൾ, അതായത് സെക്കൻഡ് ഫൈവ് ഇയർ ട്രാഫിക് പ്ലാനിന്റെ കാപ്പി എല്ലാ അംഗങ്ങൾക്കും സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതു നോക്കിയാൽ ഏതിലാണ് കുറവു വരുത്തിയതെന്നു കാണാവുന്നതാണ്.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

*642. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ഉയർത്തുന്നതിനു കേന്ദ്രത്തിൽനിന്നും വല്ല ധനസഹായവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഇല്ലെങ്കിൽ എങ്ങനെ ഈ പ്രശ്നം പരിഹരിക്കും;

(ഡി) എന്നത്തേയ്ക്കു പരിഹരിക്കും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ഉയർത്തുന്നതിനു കേന്ദ്രത്തിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല. അതുകൊണ്ടു നമ്മുടെ രാജ്യത്തെ അദ്ധ്യാപകന്മാരുടെ ശമ്പളം ഉയർത്തുന്നതിനുവേണ്ടി ഇൻഡ്യാഗവണ്മെൻറിൽനിന്നും സഹായം വേണമെന്നു് ഈ ഗവണ്മെൻറ് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവണ്മെൻറിൽനിന്നും അനുകൂലപൂർവ്വമായ ഒരു മറുപടി പ്രതീക്ഷിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നുള്ളതിലേയ്ക്കു പേ കമ്മീഷൻറെ റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പേ കമ്മീഷൻറെ റിപ്പോർട്ടിന്മേലുള്ള ഓർഡർ ഉടനെ ചെയ്യുന്നതോടുകൂടി ഇതേ സംബന്ധിച്ചുള്ള ഓർഡറും ചെയ്യുന്നതാണ്.

(ഡി) എന്നത്തേയ്ക്കു പരിഹരിക്കാമെന്നു് കൃത്യമായി പറയുവാൻ സാധിക്കുന്നില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ പേ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള ഓർഡർ പുറത്തുവരുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ : ഏപ്രിൽ ഒന്നാംതീയതി മുതൽ ഇതു നടപ്പിൽ വരുത്തുമെന്നല്ലേ മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏപ്രിൽ ഒന്നാംതീയതി മുതൽ തന്നെ നടപ്പിൽ വരുത്തുന്നതിനു് ആകാര്യത്തെ സംബന്ധിച്ചു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഏപ്രിൽ ഒന്നാംതീയതി മുതൽ വർദ്ധിപ്പിക്കുന്നതാണെന്നു മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിരുന്നിട്ടും അതു നടപ്പിലാക്കാതിരുന്നതു് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെയും, മറ്റെല്ലാ സർക്കാർ ജീവനക്കാരുടെയും, ശമ്പളം പരിഷ്കരിക്കുന്നതിനവേണ്ടി ഒരു പേ കമ്മിഷനെ നിയമിച്ചു. ആ പേ കമ്മിഷന്റെ റിപ്പോർട്ടുകിട്ടി. ആ റിപ്പോർട്ട് പരിശോധിച്ചു നമ്മുടെ രാജ്യത്തെ എല്ലാ ജീവനക്കാരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനെപ്പറ്റി ഒരു ഓർഡർ പുറപ്പെടുവിക്കുന്നതാണ്. ഭാഗികമായി ഓരോ കാര്യങ്ങളും പരിശോധിച്ചു ഓർഡർ ചെയ്യുകയാണെങ്കിൽ അതുകൊണ്ടു ഗുണത്തേക്കാളധികം ദോഷം ഉണ്ടാകുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ : കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുമെന്നു പറഞ്ഞിട്ടു ഒരു സഹായവും ലഭിച്ചില്ല എന്നു പറഞ്ഞു. പിന്നെ എങ്ങനെയാണ് ഇവരുടെ ശമ്പളം പരിഷ്കരിക്കുന്നതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുമെന്നു പ്രതീക്ഷിച്ചിട്ടുള്ളതായി ഞാൻ എന്റെ ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞു.

ശ്രീ. പി. കെ. യശോധരൻ : കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടായിരുന്നില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പറയുകയുണ്ടായി എന്നുവച്ചു മറേറ അർത്ഥം ഉണ്ടോ?

ശ്രീ. പി. കെ. യശോധരൻ : പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാർ ഇതിലേയ്ക്കുവേണ്ടി അടുത്തമാസത്തിൽ ഒരു സമരത്തിലേർപ്പെടാൻ പോകുന്നതായി അറിയുന്നു. അതിനുമുമ്പായി ഇതു നടപ്പിലാക്കുവാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ഞാൻ അശേഷം ശ്രദ്ധയില്ലാത്തവനാണ്.

ശ്രീ. പി. ഭാസ്കരൻ നായർ : പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവണ്മെന്റു സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ആക്കുന്നതിനവേണ്ടി പേ കമ്മിഷൻ റിപ്പോർട്ട് മേൽ ഓർഡർ ചെയ്യുകയാണെങ്കിൽ അതു് ദ്രുതകാലഫലത്തോടുകൂടി നടപ്പിൽ വരുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വക കാര്യങ്ങളെപ്പറ്റിയാണ് ആലോചിച്ചുകൊണ്ടിരിക്കുന്നതു്. അതിൽ ഈ പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവണ്മെന്റു സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനോടൊപ്പം ആക്കുക എന്നു പറയുന്നതിനെ സംബന്ധിച്ചു എനിക്കു പറയാനുള്ള വസ്തുത സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം പ്രൈവറ്റു സ്കൂളുകളിൽ അദ്ധ്യാപകന്മാർ ഓരോ യൂണിറ്റിൽപ്പെട്ടവരാണ്. ഗവണ്മെന്റു അദ്ധ്യാപകന്മാരാണെങ്കിൽ അവർക്കു് ഒന്നിച്ചു ഒരു ലിസ്റ്റാണ്. അപ്പോൾ അതിൽ ഇത്ര ആളുകൾക്കു് 50 മുതൽ 150 രൂപവരെ, അതിൽ ഇത്ര ശതമാനം ആളുകൾക്കു് കൂടുതൽ ഗ്രേഡ് എന്നെല്ലാം നിശ്ചയമുണ്ട്. ആ തത്വം വച്ചു നോക്കുകയാണെങ്കിൽ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ചില വിഷമങ്ങൾ ഉണ്ടു്. അതു് ഞാൻ എല്ലാ അവസരങ്ങളിലും വെളിപ്പെടുത്തിട്ടുള്ളതാണ്. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരെ അങ്ങനെ ഒരു കേഡറിലാക്കാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഭാസ്കരൻനായർ : പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ സമരത്തെ തീരെ ശ്രദ്ധിക്കുന്നില്ലെന്നു പറഞ്ഞല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്. ശമ്പളം കൂട്ടുന്നകാര്യം അവരുടെ സമരത്തെ ആശ്രയിച്ചായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഗവണ്മെൻറ് അതിനെപ്പറ്റി ഒരു തീരുമാനം നേരത്തെ എടുത്തിട്ടുള്ളതാണു്. ഏറ്റവും ഗൗരവമുള്ള ഒരു സന്ദർഭത്തിൽ ഈ നിയമസഭയിൽവച്ചു് അന്നത്തെ ഫൈനാൻസുമന്ത്രിയായിരുന്ന ഞാൻ ഇക്കാര്യത്തെപ്പറ്റി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് ചെയ്യുന്നതിനുള്ള താമസം പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ എല്ലാ കാര്യങ്ങളും പരിഗണിച്ചു് ഒരു ആർഡർ പുറപ്പെടുവിക്കുന്നതിനു് വരുന്ന കാലതാമസമാണു്. മുൻതീരുമാനം അനുസരിച്ചു് ആർഡറുണ്ടാകും. അതിനിടയിൽ ഒരു ശമ്പളം നിശ്ചയിക്കുകയാണെങ്കിൽ അതു് ശരിയാകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ ഫെബ്രുവരി 16-ാംതീയതി അദ്ധ്യാപകസംഘടനാപ്രതിനിധികളുടെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിളിച്ചുകൂട്ടി; തീയതി ഓർക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആ കാൺഫറൻസിൽവച്ചു് തുല്യജോലിക്കു് തുല്യവേതനം എന്ന തത്വം അംഗീകരിച്ചു് ഏപ്രിൽ ഒന്നുതീയതിമുതൽ തുല്യശമ്പളം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലെന്നു പറഞ്ഞോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എത്രതവണ അങ്ങിനെ പറഞ്ഞിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓർമ്മയില്ല.

ശ്രീ. ടി. എ. മജീദ് : വാഗ്ദാനം ചെയ്തിട്ടുള്ളതു് പാലിക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ചെയ്ത വാഗ്ദാനമൊന്നും പാലിക്കാതിരുന്നിട്ടില്ല. പാലിക്കുന്നതാണു് പറയുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : 'തുല്യശമ്പളം കൊടുക്കണമെന്ന തത്വം അംഗീകരിക്കുന്നതു് പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ സർവീസിനെ ആശ്രയിച്ചായിരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെയും കൂടെ ആശ്രയിച്ചിരിക്കും.

പ്ലാന്റേഷൻ ലേബർ കമ്മിറ്റി.

* 643. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ കരടുരൂപകം പരിശോധിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly